KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ poksebgmail.com

## സംഗ്രഹം

പുറത്തൂർ ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ ആയി ജോലിചെയ്തുവരവേ അപകടം സംഭവിച്ച് 90% സ്ഥായിയായ ശേഷിക്കുറവ് സംഭവിച്ച ശ്രീ.വിനോദ് ഇ ആർ ( Employee Code 1057787 ) നെ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് 2016 സെക്ഷൻ 20 പ്രകാരം വെള്ളൂർകുന്നം സെക്ഷനിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ്.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ )

ബോർഡ് ഉത്തരവ് (എഫ്.റ്റി.ഡി) നം 378/(പി.എസ്.1 /2942 /2019) തിരുവനന്തപുരം
തീയതി 04.08.2023

---

പരാമർശം: 1. 15.12.2022 തീയതി പ്രകാരം ശ്രീ.വിനോദ് നൽകിയ അപേക്ഷ .

2. കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും നൽകിയ 14.09.2022 തീയതി പ്രകാരമുള്ള Standing Disability Certificate.
3. നം. 432 /ഇ.ബി -2 /വിനോദ്.ഇ.ആർ /2022 -23 /1665 തീയതി 10.01.2023 പ്രകാരമുള്ള തിരൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത്.
4. EB4(a)/LMS/Supernumerary/2023/885/52/08.02.2023 തീയതി പ്രകാരമുള്ള ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) ന്റെ കുറിപ്പ് .
5. നമ്പർ പി.എസ്.1 /2942/Supernumerary-Vinod/2023 തീയതി 21.06.2023 പ്രകാരം ചീഫ് പേഴ്സണൽ ഓഫീസർ, കെ എസ് ഇ ബി ലിമിറ്റഡ് ചെയർമാൻ & മാനേജിങ് ഡയറക്ടർ മുൻപാകെ സമർപ്പിച്ച കുറിപ്പ്.
6. നമ്പർ പി.എസ്.1 /2942/Supernumerary-Vinod/2023 തീയതി 30.06.2023 പ്രകാരം ചീഫ് പേഴ്സണൽ ഓഫീസർ, കെ എസ് ഇ ബി ലിമിറ്റഡ് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച അജണ്ട നമ്പർ 07/07/2023 ആയ കുറിപ്പ് (അജണ്ട നം. 7/7/23)

## ഉത്തരവ്

തിരൂർ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലെ പുറത്തൂർ ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ ആയി ജോലി ചെയ്തു വരവേ ശ്രീ.വിനോദ് ഇ ആർ (Employee Code 1057787)ന് 07.11.2022 ൽ ബൈക്കപകടം

സംഭവിക്കുകയും സ്ഥായിയായ ശേഷിക്കുറവ് (Permanent Disability) സംഭവിക്കുകയുമുണ്ടായി. പരസഹായമില്ലാതെ എഴുന്നേറ്റിരിക്കാനോ ഭക്ഷണം കഴിക്കാനോ അടിസ്ഥാനപരമായ ദിനചര്യകൾ ചെയ്യാനോ കഴിയാത്ത സാഹചര്യത്തിൽ ഹോം സെക്ഷനായ മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽപ്പെട്ട വെള്ളൂർക്കുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ തനിക്ക് Supernumerary ആയി നിയമനം നൽകണമെന്ന് പരാമർശം (1) പ്രകാരം ശ്രീ.വിനോദ് അപേക്ഷ സമർപ്പിച്ചിരുന്നു.

കോട്ടയം ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ നിന്നും നൽകിയ പരാമർശം (2), Standing Disability Certificate പ്രകാരം ശ്രീ.വിനോദിന് 90% സ്ഥായിയായ ശേഷിക്കുറവ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഓഫീസിൽ ഹാജരാകാൻ കഴിയാത്ത വിധം അവശത അനുഭവിക്കുന്ന സാഹചര്യമാണ് ശ്രീ.വിനോദിന്റേതെന്ന് പരാമർശം (3) പ്രകാരം തിരൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) സൂചന (4) പ്രകാരം ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയത്തിലേയ്ക്ക് കൈമാറിയിരുന്നു.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുച്ഛേദം 4 പ്രകാരം സർവീസിലിരിക്കെ വൈകല്യം സംഭവിച്ച ഒരു ജീവനക്കാരന് ടിയാൾ നേരത്തെ നിർവ്വഹിച്ചുപോന്നിരുന്ന ചുമതലകൾ നിർവഹിക്കാൻ കഴിയാത്ത പക്ഷം നേരത്തെ ജോലി ചെയ്തിരുന്ന തസ്തികയുടെ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളും ഉള്ള മറ്റൊരു തസ്തികയിലേക്ക് ആ ജീവനക്കാരനെ മാറ്റി നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഏതെങ്കിലും തസ്തികയിൽ ആ ജീവനക്കാരനെ ഉൾക്കൊള്ളിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ മറ്റൊരു തസ്തിക ലഭിക്കുന്നതുവരെയോ സൂപ്പർ ആന്വേഷൻ പ്രായം എത്തുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ടിയാളെ അതിൽ നിലനിർത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

മേൽ വിഷയം പരാമർശം (5) പ്രകാരം ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. അതെ തുടർന്ന് പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി ബഹു: ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് പരാമർശം (6) പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിലെ മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. 07.07.2023 ൽ ചേർന്ന കെ.എസ്.ഇ.ബി ലിമിറ്റഡിലെ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം ഈ വിഷയം വിശദമായി പരിശോധിക്കുകയും ശ്രീ. വിനോദിന്റെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് മാനുഷിക പരിഗണന മുൻനിർത്തി 2016 ലെ The Right to Persons with Disabilities Act Section 20 പ്രകാരം മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലെ വെള്ളൂർക്കുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ -1 ന്റെ ഒരു സംഖ്യാതീത

സ്തിക സൃഷ്ടിച്ച് ശ്രീ. വിനോദിനെ (Employee Code 1057787 ) പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം പുന:ക്രമീകരിക്കാൻ ഇതിനാൽ അനുമതി നൽകുന്നു.

ബോർഡിൽ ഇതുവരെ സമാനമായി സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളുടെ ആകെയെണ്ണം എത്രയെന്ന് കണക്കാക്കി സമർപ്പിക്കാനും യോഗം നിർദ്ദേശം നൽകി.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി**

**ഗ്രാഹകൻ**

ചീഫ് എഞ്ചിനീയർ (HRM)

പകർപ്പ് : എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, മൂവാറ്റുപുഴ.
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി,എസ്.സി.എം & ഐ.റ്റി)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & പ്ലാനിംഗ്)/ ടി. എ ടു ഡയറക്ടർ (ജനറേഷൻ, സിവിൽ)/ടി. എ ടു ഡയറക്ടർ (ജനറേഷൻ - ഇലക്ട്രിക്കൽ, റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
4.8.23
സീനിയർ സൂപ്രണ്ട്